സൂറഃ-8

# അൽ അൻഫാൽ

وَٱلَّذِينَ كَفَرُوا۟ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ إِلَّا تَفْعَلُوهُ تَكُن فِتْنَةٌ فِى ٱلْأَرْضِ
وَفَسَادٌ كَبِيرٌ ﴿٧٣﴾

وَٱلَّذِينَ ءَامَنُوا۟ وَهَاجَرُوا۟ وَجَٰهَدُوا۟ فِى سَبِيلِ ٱللَّهِ وَٱلَّذِينَ ءَاوَوا۟
وَّنَصَرُوٓا۟ أُو۟لَٰٓئِكَ هُمُ ٱلْمُؤْمِنُونَ حَقًّا ۚ لَّهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٧٤﴾

**73.** സത്യധർമങ്ങളെ നിഷേധിച്ചവരും പരസ്പരം സംരക്ഷിക്കുന്നവരാകുന്നു. അതിനാൽ നിങ്ങളും അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഭൂമിയിൽ വമ്പിച്ച കുഴപ്പവും മഹാനാശവുമുണ്ടാകും.

**74.** സത്യവിശ്വാസം കൈക്കൊള്ളുകയും അതിന്റെ പേരിൽ ദേശത്യാഗം ചെയ്യുകയും ദൈവിക സരണിയിൽ സമരത്തിലേർപ്പെടുകയും ചെയ്തവരും, ദേശത്യാഗം ചെയ്തവർക്ക് അഭയം കൊടുക്കുകയും സഹായിക്കുകയും ചെയ്തവരും ഉണ്ടല്ലോ, അവരാകുന്നു യഥാർഥ സത്യവിശ്വാസികൾ. അവർക്കുള്ളതാകുന്നു പാപമോചനവും മഹത്തായ വിഭവങ്ങളും.

وَٱلَّذِينَ كَفَرُوا۟ = (സത്യധർമങ്ങളെ) നിഷേധിച്ചവരും بَعْضُهُمْ أَوْلِيَآءُ بَعْضٍ = പരസ്പരം രക്ഷിക്കുന്നവരാകുന്നു
إِلَّا تَفْعَلُوهُ = നിങ്ങൾ അത് (അങ്ങനെ) ചെയ്യുന്നില്ലെങ്കിൽ تَكُن = ഉണ്ടാകും فِتْنَةٌ = (വമ്പിച്ച)കുഴപ്പം فِى ٱلْأَرْضِ = ഭൂമിയിൽ
وَفَسَادٌ = നാശവും كَبِيرٌ = വലിയ(മഹാ) وَٱلَّذِينَ ءَامَنُوا۟ = (കൈക്കൊള്ളുകയും) സത്യവിശ്വാസം കൈക്കൊണ്ടവരും
وَهَاجَرُوا۟ = (ചെയ്യുകയും) (അതിന്റെ പേരിൽ) ദേശത്യാഗം ചെയ്തവരും
وَجَٰهَدُوا۟ = (രത്തിലേർപ്പെടുകയും ചെയ്തവരും) സമരം ചെയ്തവരും فِى سَبِيلِ ٱللَّهِ = ദൈവിക സരണിയിൽ
وَٱلَّذِينَ ءَاوَوا۟ = (കൊടുക്കുകയും) (ദേശത്യാഗം ചെയ്തവർക്ക്) അഭയം കൊടുത്തവരും وَّنَصَرُوٓا۟ = (ഉണ്ടല്ലോ) സഹായിച്ചവരും
أُو۟لَٰٓئِكَ هُمُ = അവരാകുന്നു ٱلْمُؤْمِنُونَ = സത്യവിശ്വാസികൾ حَقًّا = യഥാർഥത്തിലുള്ള لَّهُم = അവർക്കുള്ളതാകുന്നു
مَّغْفِرَةٌ = പാപമോചനം, പൊറുക്കൽ وَرِزْقٌ = വിഭവങ്ങളും كَرِيمٌ = മഹത്തായ

**73:** 'സത്യധർമങ്ങളെ നിഷേധിക്കുന്നവരും പരസ്പരം സംരക്ഷിക്കുന്നവരാകുന്നു' എന്നവാക്യം നിലവിലുള്ള അവസ്ഥയെ സംബന്ധിച്ച പ്രസ്താവനയാണ്. മുൻ സൂക്തത്തിൽ മുഹാജിറുകളും അൻസ്വാറുകളും പരസ്പരം രക്ഷാധികാരികളാകുന്നു എന്ന വാക്യത്തിൽ ഉള്ള ശാസനാധ്വനി ഇതിലില്ല. അതായത്, സത്യനിഷേധികളെല്ലാവരും കുഫ്റിൽ പരസ്പരം സഹായിച്ചും സഹകരിച്ചും വർത്തിക്കണമെന്ന കൽപനയില്ല. അവരങ്ങനെയായിരിക്കണമെന്നത് ശരീഅത്തിന്റെ താൽപര്യവുമല്ല. സത്യത്തിലും ധർമത്തിലുമുള്ള സഹകരണവും സത്യവാന്മാരും ധർമിഷ്ഠരുമായ ആളുകൾ തമ്മിലുള്ള മൈത്രീ ബന്ധവുമാണ് ശരീഅത്ത് കൽപിക്കുന്നത്. ആരും കൽപിക്കാതെ തന്നെ സത്യവിരോധികളും ധർമനിഷേധികളുമായ ആളുകൾ പരസ്പരം സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. എക്കാലത്തെയും അവസ്ഥ അതാണ്. ഇന്നും അതിന്റെ എത്രയോ ഉദാഹരണങ്ങൾ കാണാം. ഫലസ്തീൻ, ഇറാഖ്, അഫ്ഗാനിസ്താൻ, സുഡാൻ, സോമാലിയ തുടങ്ങിയ പ്രശ്നങ്ങളിലെല്ലാം മുസ്‌ലിം വിരുദ്ധ ശക്തികൾ ഒറ്റക്കെട്ടായി നിൽക്കുന്നു. സൈനിക പ്രവർത്തനങ്ങളിൽ മാത്രമല്ല, ദുഷ്പ്രചാരണങ്ങളിലും ഉപരോധങ്ങളിലും എല്ലാം ഈ സഹകരണവും സംരക്ഷണവും ദൃശ്യമാണ്. ഇസ്‌ലാമിനെതിരാകുമ്പോൾ വിഗ്രഹാരാധകരിലും വൈദിക മതങ്ങളിലും നിർമത വാദികളിലും ജനാധിപത്യവാദികളിലും പെട്ട എല്ലാ ഇസ്‌ലാം വിരുദ്ധരും ഫാഷിസ്റ്റുകളും ഒരേ സ്വരത്തിൽ സംസാരിക്കുന്നു.

ഇക്കാര്യം ഇവിടെ പ്രസ്താവിക്കുന്നത്, മുൻസൂക്തത്തിൽ

സൂചിപ്പിച്ച വിശ്വാസികൾ തമ്മിലുള്ള സഹകരണത്തിന്റെയും ഐക്യത്തിന്റെയും അനിവാര്യത വ്യക്തമാക്കുന്നതിനുവേണ്ടിയാണ്. വിശ്വാസികൾ പരസ്പരം സഹായിച്ചും സംരക്ഷിച്ചും ഐക്യത്തോടെ നിലകൊണ്ടില്ലെങ്കിൽ ഭൂമിയിൽ വമ്പിച്ച കുഴപ്പങ്ങളും നാശങ്ങളുമുണ്ടാകും. إِلَّا تَفْعَلُوهُ تَكُن فِتْنَةٌ فِي الْأَرْضِ وَفَسَادٌ كَبِيرٌ (നിങ്ങൾ അതു ചെയ്തില്ലെങ്കിൽ ഭൂമിയിൽ കുഴപ്പങ്ങളും വമ്പിച്ച നാശവും ഉണ്ടാകും) എന്നാണ് മൂലവാക്യം. ആദർശത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഒന്നിച്ചു നിന്നില്ലെങ്കിൽ സത്യവിശ്വാസികൾ മർദന പീഡനങ്ങൾക്കും മഹാ നാശങ്ങൾക്കും ഇരയാകും എന്നല്ല പറയുന്നത്, പ്രത്യുത കുഴപ്പങ്ങളും നാശങ്ങളും ആഗോളവ്യാപകമായിരിക്കും എന്നാണ്. തീർച്ചയായും അതിന് കൂടുതൽ ഇരകളായിത്തീരുന്നത് മുസ്‌ലിംകൾ തന്നെയായിരിക്കുമെങ്കിലും മുസ്‌ലിംകളുടെ അനൈക്യം മുസ്‌ലിം സമൂഹത്തെമാത്രം ബാധിക്കുന്ന ഒരാപത്തല്ല, മുഴുവൻ ലോകത്തെയും ബാധിക്കുന്ന ആപത്താണ്.

ജീവിതത്തിൽ ധർമനീതികൾ സാക്ഷാത്ക്കരിച്ച് സത്യത്തിന്റെ സാക്ഷികളായി വർത്തിക്കുകയാണ് ഇസ്‌ലാമിക സമൂഹത്തിന്റെ ദൗത്യം. ഈ ദൗത്യത്തിനുവേണ്ടി നിയുക്തരായ വിശിഷ്ട സമൂഹം – خير أمة – أُمَّةً وَسَطًا –എന്നതാണവരുടെ അവസ്ഥ. ‘ഭിന്നിക്കാതെ അല്ലാഹുവിന്റെ ധർമ വ്യവസ്ഥ സാക്ഷാത്കരിക്കുക’ (أَنْ أَقِيمُوا الدِّينَ وَلَا تَتَفَرَّقُوا فِيهِ), ‘പരസ്പരം വിഘടിക്കാതെ ഒറ്റക്കെട്ടായി അല്ലാഹുവിന്റെ ധർമപാശം മുറുകെ പിടിക്കുക’ (وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا) എന്നിവയാണ് അതിനവർ ചെയ്യേണ്ടത്. അപ്പോഴേ അവർ സത്യധർമങ്ങളുടെ വാഹകരും വക്താക്കളുമായ ആദർശസമൂഹം خير أمة ആയിത്തീരൂ. സത്യവും ധർമവും, പ്രബോധനം ചെയ്യാനും സ്ഥാപിക്കാനും ചുമതലപ്പെട്ടവർ ഭിന്നിക്കുകയും പരസ്പരം കലഹിക്കുകയും ഒറ്റപ്പെടുത്തുകയും ഒറ്റുകൊടുക്കുകയും ചെയ്യുമ്പോൾ ലോകത്തിന് സത്യത്തിന്റെ മാർഗദർശകർ നഷ്ടപ്പെടുന്നു. ലോകത്ത് അക്രമവും അധർമവും വർധിക്കുന്നു. പൈശാചിക ശക്തികൾ ലോകത്തിന്റെ യജമാനന്മാരായി ചമയുകയും അവരുടേതായ ആഗോളവ്യവസ്ഥകൾ നടപ്പിലാക്കുകയും ചെയ്യുന്നു. അധർമത്തിന്റെയും അക്രമത്തിന്റെയും ശക്തികൾ എപ്പോഴും ഒറ്റക്കെട്ടായിരിക്കും. പ്രത്യക്ഷത്തിൽ അവർക്കിടയിൽ ചില താൽപര്യസംഘർഷങ്ങളും സംഘട്ടനങ്ങളും ഉണ്ടാകുമെങ്കിലും മൗലികമായ ധർമവിരോധത്തിൽ അവരൊന്നാണ്. ഇസ്‌ലാമിനും മുസ്‌ലിം സമുദായത്തിനും എതിരിൽ പരസ്പരം സഹകരിക്കുകയും സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവരുമാണ്. മുസ്‌ലിംകൾ പരസ്പരം ഭിന്നിക്കുക എന്നതുതന്നെ അസത്യത്തിന്റെ ശക്തികൾക്ക് ലഭിക്കുന്ന വലിയൊരു സഹായമാണ്. കൂടാതെ ഭിന്നിച്ച സംഘങ്ങളിൽ പലതും ഇതര സംഘങ്ങൾക്കെതിരെ പൈശാചിക ശക്തികളെ സഹായിക്കുകയും അവരിൽനിന്ന് സഹായം തേടുകയും ചെയ്യുന്നു. ഇതിന്റെയെല്ലാം ഫലമായി മുസ്‌ലിംകൾ അനുദിനം ദുർബലരും നിന്ദിതരും അടിച്ചമർത്തപ്പെട്ടവരുമായിത്തീരുന്നു. അസത്യത്തിന്റെയും അധർമത്തിന്റെയും ആളുകൾ അധിപതികളും പ്രബലരുമാകുന്നു. ലോകമെങ്ങും അക്രമ മർദനങ്ങളും അനീതികളും നടമാടുകയും ചെയ്യുന്നു. ധർമവിരുദ്ധശക്തികൾ ഭിന്നിച്ചുനിൽക്കുകയാണെങ്കിലും ഒന്നിച്ചുനിൽക്കേണ്ടവരാണ് മുസ്‌ലിംകൾ. ധർമവിരോധികൾ ഒന്നിച്ചുനിൽക്കുമ്പോൾ അവർ ഭിന്നിച്ചാലുണ്ടാകുന്ന ദുരന്തത്തിന്റെ വ്യക്തമായ ഉദാഹരണമാണ് ലോകത്തിന്റെ ഇന്നത്തെ അവസ്ഥ. ആധുനിക സംഭവവികാസങ്ങളെ കണ്ണുതുറന്നു നോക്കുന്നവർക്ക് അത് അനായാസം മനസ്സിലാക്കാൻ കഴിയും.

സത്യനിഷേധികൾ പരസ്പരം സംരക്ഷിക്കുന്നവർ أَوْلِيَاءُ ആകുന്നു എന്ന പ്രസ്താവനയിൽ, അവിശ്വാസികൾക്കിടയിലുള്ള കുടുംബത്തിന്റെയും ദായധനാവകാശത്തിന്റെയും അംഗീകാരമുള്ളതായി പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതായത്, അവരുടെ കുടുംബ വ്യവസ്ഥയും ദായധനാവകാശവും മാനിക്കപ്പെടേണ്ടതാണ്. വിശ്വാസികളുടെ ദായധനത്തിൽ സത്യനിഷേധികൾക്ക് അവകാശമില്ലാത്തതുപോലെ സത്യനിഷേധികളുടെ ദായധനത്തിൽ വിശ്വാസികൾക്കും അവകാശമുണ്ടായിരിക്കുകയില്ല.

**74:** ഹിജ്‌റയെയും ജിഹാദിനെയും മുഹാജിറുകളുടെ സംരക്ഷണത്തെയും സത്യവിശ്വാസത്തിന്റെ മാറ്റ് വെളിപ്പെടുത്തുന്ന ഉരകല്ലായി ചൂണ്ടികാണിക്കുകയാണ് ഈ സൂക്തം. സത്യം ഉൾക്കൊള്ളുകയും ധർമം സ്ഥാപിക്കുകയുമാണ് സത്യവിശ്വാസത്തിന്റെ യാഥാർഥ്യം. ഞാൻ മുഅ്മിനാണ്, മുസ്‌ലിമാണ് എന്ന് സ്വയം കരുതിയതുകൊണ്ടോ മറ്റുള്ളവരോട് പറഞ്ഞതുകൊണ്ടോ ഒരാൾ യഥാർഥ മുഅ്മിനാകുന്നില്ല. വിശ്വസിക്കുന്നുവെന്നവകാശപ്പെടുന്ന സത്യവും ധർമവും സ്വജീവിതത്തിൽ പാലിക്കുകയും ചുറ്റുപാടുകളിൽ സ്ഥാപിക്കാൻ പരിശ്രമിക്കുകയും ചെയ്യുമ്പോഴേ വിശ്വാസം സത്യമാകൂ. അതിന്റെ പേരിൽ ക്ലേശങ്ങളും മർദനങ്ങളും അനുഭവിക്കേണ്ടിവരുമെങ്കിൽ അതനുഭവിക്കാൻ തയാറാകണം. നാടുംവീടും ഉപേക്ഷിക്കേണ്ടി വരികയാണെങ്കിൽ അതും ചെയ്യണം. ധർമമാർഗത്തിൽ നടത്തേണ്ടിവരുന്ന ഏതുതരത്തിലുള്ള ത്യാഗത്തിനും സദാ സന്നദ്ധനായിരിക്കണം. പാരത്രിക സ്വർഗം എന്ന വിലയ്ക്കു വേണ്ടി ജീവിതം അല്ലാഹുവിന് വിൽപന നടത്തിയവരാണ് സത്യവിശ്വാസികൾ. إِنَّ اللَّهَ اشْتَرَىٰ مِنَ الْمُؤْمِنِينَ أَنفُسَهُمْ وَأَمْوَالَهُم بِأَنَّ لَهُمُ الْجَنَّةَ (സത്യവിശ്വാസികളുടെ ജീവനും ധനവും അവർക്കു നൽകുന്ന സ്വർഗത്തിനു പകരമായി അല്ലാഹു വാങ്ങിച്ചിരിക്കുന്നു – 9: 111). ഹിജ്റ പ്രസക്തമാകുമ്പോൾ നാടുംവീടും വെടിയാനോ സമരം ആവശ്യമായ സന്ദർഭങ്ങളിൽ സമരത്തിലേർപ്പെടാനോ സമരസന്നദ്ധരായവരെ സഹായിക്കാനോ സംരക്ഷിക്കാനോ ഒന്നും തയാറാവാതെ സ്വന്തംകാര്യം മാത്രം നോക്കി നടക്കുന്നവർ ആരാധനാകാര്യങ്ങളിൽ എത്ര നിഷ്ഠയുള്ളവരാണെങ്കിലും യഥാർഥ മുഅ്മിനുകളാകുന്നില്ല. യഥാർഥ വിശ്വാസികൾ – الْمُؤْمِنُونَ حَقًّا – എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ലക്ഷണമൊത്ത, കുറ്റമറ്റ വിശ്വാസികളെയാണ്. ലക്ഷണമൊത്ത വിശ്വാസികളല്ലാത്തവരെല്ലാം കപടവിശ്വാസികളാവണമെന്നില്ല. ചിലർ കപടവിശ്വാസികളാകാം. ചിലർ വിശ്വാസത്തിന് വീര്യവും ദാർഢ്യവുമില്ലാത്തവരാകാം. വിശ്വാസത്തിന്റെ താൽപര്യങ്ങളും സ്വാർഥ താൽപര്യങ്ങളും ഏറ്റുമുട്ടുമ്പോൾ, വിശ്വാസത്തിന്റെ താൽപര്യങ്ങൾ അവഗണിക്കുന്നവരാവാം ചിലർ. അവതരണപശ്ചാത്തലത്തിൽ വായിക്കുമ്പോൾ സൂക്തത്തിന്റെ താൽപര്യം ഇതാണ്: സത്യവിശ്വാസം കൈക്കൊണ്ടശേഷം മക്കയിൽനിന്ന് മദീനയിലേക്ക് കുടിയേറുകയും ദേഹംകൊണ്ടും ധനംകൊണ്ടും ദൈവികമാർഗത്തിൽ സമരത്തിൽ ഏർപ്പെടുകയും ചെയ്തവരും അങ്ങനെയുള്ളവർക്ക് സഹായവും സംരക്ഷണവും നൽകിയവരുമാണ് യഥാർഥ വിശ്വാസികൾ. വിശ്വാസം കൈക്കൊണ്ടശേഷം വിശ്വാസികളുടെ ശത്രുക്കളായ സത്യനിഷേധികളോടൊപ്പംതന്നെ കഴിയുന്നവർ ഇനിയെങ്കിലും മദീനയിലേക്ക് ഹിജ്റ ചെയ്ത് അവരുടെ വിശ്വാസത്തിന്റെ യാഥാർഥ്യം സ്ഥാപിക്കാൻ മുഹാജിറുകളോടും അൻസ്വാറുകളോടുമൊപ്പം ദൈവിക മാർഗത്തിലുള്ള സമരത്തിൽ ഏർപ്പെടേണ്ടിയിരിക്കു

ന്നു. സത്യവിശ്വാസം വാദിക്കുന്നതോടൊപ്പം ന്യായമായ കാരണങ്ങളില്ലാതെ ശത്രുക്കളോടൊപ്പംതന്നെ വസിക്കുകയും ഇസ്‌ലാമിക ഗേഹത്തിലേക്ക് വരാതിരിക്കുകയും ചെയ്യുന്നവർ കപടവിശ്വാസികളുടെ ഗണത്തിലാണുൾപ്പെടുകയെന്ന് അടുത്ത സൂറയായ *അത്തൗബ*യിൽ വ്യക്തമാക്കുന്നുണ്ട്.

അല്ലാഹു പാപമോചനവും ഉത്തമവിഭവങ്ങളും വാഗ്ദാനം ചെയ്യുന്നത് യഥാർഥ വിശ്വാസികൾക്കാകുന്നു എന്ന് പ്രസ്താവിച്ചുകൊണ്ടാണ് സൂക്തം സമാപിക്കുന്നത്. യഥാർഥ വിശ്വാസികൾക്കും തെറ്റുകുറ്റങ്ങൾ സംഭവിക്കും. അതു മനുഷ്യപ്രകൃതിയാണ്. ലക്ഷണമൊത്ത സത്യവിശ്വാസിയെന്നാൽ ഒരിക്കലും ഒരു തെറ്റും ചെയ്യാത്തവനല്ല; ശരിയിൽ വിശ്വസിക്കുകയും അതുചെയ്യാനും ചെയ്യിക്കാനും പരിശ്രമിക്കുകയും ചെയ്യുന്നവനാണ്. ഈ വിശ്വാസവും പരിശ്രമവുമുണ്ടെങ്കിൽ അശ്രദ്ധയാലോ അജ്ഞതയാലോ ചെയ്തുപോകുന്ന തെറ്റുകളുടെ ഭാരത്തിൽനിന്ന് അല്ലാഹു അവരെ മോചിപ്പിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യും. വിശ്വാസം എത്രകണ്ട് ദുർബലമാണോ അത്രകണ്ട് പാപമുക്തിയുടെയും ശുദ്ധീകരണത്തിന്റെ സാധ്യത കുറഞ്ഞുകൊണ്ടിരിക്കും. അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനത്തിന്റെയും ശുദ്ധീകരണത്തിന്റെയും ഫലമാണ് ശാശ്വതമായ സ്വർഗലബ്ധി.

رِزْقٌ كَرِيمٌ എന്നവാക്കിനെയാണ് ഉത്തമവിഭവം എന്ന് തർജമചെയ്തിട്ടുള്ളത്. മനുഷ്യന് പ്രയോജനപ്പെടുന്ന എല്ലാ സംഗതികളെയും ഉൾക്കൊള്ളുന്നതാണ് رِزْقٌ. അത് പദാർഥങ്ങളാവാം. മനുഷ്യന് ഏറ്റം പ്രയോജനകരമായ പദാർഥം ആഹാരമാണല്ലോ. അതുകൊണ്ട് ആഹാരവിഭവം എന്ന അർഥത്തിലാണ് ഈ പദം അധികവും ഉപയോഗിക്കാറുള്ളത്. എങ്കിലും رِزْقٌ-ന്റെ ആശയം അതിൽ പരിമിതമല്ല. നമ്മുടെ സ്വഭാവങ്ങളും കഴിവുകളുമെല്ലാം അല്ലാഹു നൽകിയ رِزْقٌ തന്നെയാണ്. ഭക്ഷണവും ഭൂമിയും കെട്ടിടവുമെന്നപോലെതന്നെ വിജ്ഞാനവും സൗന്ദര്യവും കായബലവും رِزْقٌ ആണ്. ഉന്നതം, ആദരണീയം, മാന്യം തുടങ്ങിയ പല അർഥങ്ങളിലും ഉപയോഗിക്കുന്ന പദമാണ് كَرِيمٌ. മൗലികമായ അർഥത്തിൽ എല്ലാ നന്മകളും ഒത്തിണങ്ങിയതാണത്. മനുഷ്യൻ തേടിപ്പിടിക്കുന്ന വിഭവങ്ങളെക്കാൾ പ്രധാനവും മഹത്തരവുമാണ് അവനെത്തേടിയെത്തുന്ന വിഭവങ്ങൾ. ഉദാഹരണം, വായുവും വെള്ളവും. ജീവിതത്തിന്റെ ഏറ്റവും സുപ്രധാനമായ ആധാരങ്ങളാണവ. യാതൊരധ്വാനവുമില്ലാതെയാണ് അല്ലാഹു അവ നൽകിക്കൊണ്ടിരിക്കുന്നത്. അതിനാൽ വായു ഏറ്റം 'കരീം' ആയ 'രിസ്ഖ്' ആകുന്നു. മണ്ണും വിണ്ണും വെള്ളവുമെല്ലാം അല്ലാഹുവിങ്കൽനിന്ന് ലഭിച്ച മഹത്തായ വിഭവങ്ങളാണ്. അധ്വാനിച്ച് നേടുന്ന വിഭവം അധ്വാനത്തിന്റെ ഫലമാണ്. നമ്മുടെ പ്രയത്നശേഷിയുടെ ഫലം എന്ന നിലയിൽ അതും മഹത്തരം തന്നെ. എങ്കിലും അതിന് പരിധികളും പരിമിതികളുമുണ്ട്. പരിമിതികളില്ലാത്തതാണ് അല്ലാഹുവിങ്കൽനിന്ന് ലഭിക്കുന്ന വിഭവം. ചിലപ്പോൾ അധ്വാനിച്ചാലും ഉദ്ദിഷ്ട വിഭവം ലഭിക്കുന്നില്ല. ചിലപ്പോൾ പ്രയത്നിക്കാതെയും പ്രതീക്ഷിക്കാതെയും സമൃദ്ധമായ വിഭവങ്ങൾ ലഭിക്കുന്നു. ജോലിക്കാരന് നാം കൊടുക്കുന്ന വേതനം ജോലിയുടെ വിലയാണ്. അത് ഔദാര്യമോ പുരസ്കാരമോ അല്ല. ജോലിക്കാരന് കൂലിക്കു പുറമെ വല്ലതും കൊടുക്കുന്നുവെങ്കിൽ അത് ഔദാര്യമാണ്. പകരം ഒന്നും വാങ്ങാതെയും പ്രതീക്ഷിക്കാതെയും കൊടുക്കുന്നതാണ് പുരസ്കാരം - كرم -. ശാശ്വത സ്വർഗത്തിനു തക്ക സേവനമൊന്നും വിശ്വാസി അല്ലാഹുവിനു ചെയ്യുന്നില്ല; ചെയ്യാൻ കഴിയില്ല. സ്വർഗം അല്ലാഹുവിങ്കൽനിന്നുള്ള ഒരു പുരസ്കാരം -كرم- ആണ്. മണ്ണും വിണ്ണും വായുവുമൊക്കെ മനുഷ്യന്റെ ഭൗതിക ജീവിതത്തിൽതന്നെ നൽകപ്പെട്ട പുരസ്കാരങ്ങളാകുന്നു. സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളമാണ് അതൊക്കെ പുരസ്കാരമാകുന്നത്. അവിശ്വാസികൾക്ക് അത് ഔദാര്യമാണ്.

ഈ സൂക്തത്തിൽ رِزْقٌ كَرِيمٌ കൊണ്ട് ഭൗതിക ജീവിതത്തിലെ വിഭവങ്ങളും പാരത്രിക ജീവിതത്തിലെ വിഭവങ്ങളും ഉദ്ദേശിച്ചിരിക്കുന്നു. ആദർശത്തിന്റെ പേരിൽ നാടും വീടും വെടിയുന്നതും നിരന്തരമായ സേവനപ്രവർത്തനങ്ങളിലേർപ്പെടുന്നതും സാഹസികമാണ്. ഉപജീവനമാർഗം ഒരു വെല്ലുവിളിയായി അവരുടെ മുന്നിൽ ഉയർന്നു നിൽക്കും. വിശ്വാസി ഈ വെല്ലുവിളിക്കുമുന്നിൽ പകച്ചുനിൽക്കേണ്ടതില്ല. അല്ലാഹു അവർക്ക് ഉത്തമവിഭവങ്ങൾ നൽകിക്കൊണ്ടിരിക്കും. ഇവിടെ മാത്രമല്ല നാളെ പരലോകത്തും. രണ്ടുതരം വിഭവങ്ങളെയും സൂചിപ്പിച്ചുകൊണ്ട് സൂറ *അന്നിസാഅ്* പറയുന്നു:

وَمَن يُهَاجِرْ فِى سَبِيلِ ٱللَّهِ يَجِدْ فِى ٱلْأَرْضِ مُرَٰغَمًا كَثِيرًا وَسَعَةً وَمَن يَخْرُجْ مِنۢ بَيْتِهِۦ مُهَاجِرًا إِلَى ٱللَّهِ وَرَسُولِهِۦ ثُمَّ يُدْرِكْهُ ٱلْمَوْتُ فَقَدْ وَقَعَ أَجْرُهُۥ عَلَى ٱللَّهِ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿١٠٠﴾

(അല്ലാഹുവിന്റെ മാർഗത്തിൽ നാടും വീടും വെടിയേണ്ടിവരുന്നവന് ധാരാളം പോംവഴികളും സൗകര്യങ്ങളും ലഭിക്കുന്നതാകുന്നു. അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും പലായനം ചെയ്യുന്നവനായി വീടുവിട്ടിറങ്ങുന്നവൻ പിന്നെ മാർഗമധ്യേ മരണമടയുകയാണെങ്കിൽ അവന്റെ പ്രതിഫലം അല്ലാഹുവിങ്കൽ ഉറച്ചതുതന്നെ. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ - 4:100). ■